ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 221-ാം ദിവസം

യഥാ*ff*മയോ*f*ംഗേ സമുപേക്ഷിതോ നൃഭിർ
ന്നശക്യതേ രൂഢപദശ്ചികിത്സിതും
യഥേന്ദ്രിയ ഗ്രാമ ഉപേക്ഷിതസ്തഥാ
രിപൂർമ്മഹാൻ ബദ്ധബലോ നചാല്യതേ **(10-4-38)**

*ശുകമുനി തുടർന്നു:*

വസുദേവൻ കാരാഗൃഹത്തിലേക്ക് തിരിച്ചു വന്നയുടനേ വാതിലുകൾ അടഞ്ഞു. കയ്യിലുള്ള പെൺകുഞ്ഞിൻെറ കരച്ചിൽ കേട്ട് കാവൽക്കാർ ഉണർന്നു. കംസനെ വിവരമറിയിച്ചു. ഓടിയെത്തിയ കംസൻ തൻെറ കാലനായ എട്ടാമത്തെ സന്താനത്തെ കണ്ടു. ദേവകിയുടെ അപേക്ഷ വകവക്കാതെ കുഞ്ഞിനെ വലിച്ചെടുത്ത് നിലത്തടിക്കാൻ തുനിഞ്ഞു. എന്നാൽ കുഞ്ഞ് വിശ്വമാതാവിൻെറ മോഹനരൂപം കൈകൊണ്ട് ആകാശത്തേക്കു പറന്നുപോയി. അവിടെ കൈകളിൽ അടയാള ചിഹ്നങ്ങളും ആയുധങ്ങളും ധരിച്ച് ദേവി നിലകൊണ്ടു. കംസൻെറ വിഡ്ഢിത്തത്തെ കളിയാക്കി ചിരിച്ച് ഇങ്ങിനെ പറഞ്ഞു. "എന്നെ വധിച്ചതു കൊണ്ടെന്താണു പ്രയോജനം? വിഡ്ഢീ നിൻെറ മരണത്തിനുത്തരവാദിയായവൻ മറ്റൊരിടത്തു ജനിച്ചു കഴിഞ്ഞു. അതുകൊണ്ട് നിരപരാധികളെ ദ്രോഹിക്കരുത്. ദിവ്യമാതാവയ ജഗജ്ജനനിയെ പലയിടങ്ങളിൽ പല നാമങ്ങളിൽ നാം പൂജിക്കുന്നു.

സംഭവങ്ങളുടെ ഗതിയിൽ കംസൻ വളരെ ചഞ്ചലനായി കാണപ്പെട്ടു. ഉടനേ തന്നെ ദേവകിയേയും വസുദേവനേയും ബന്ധ വിമോചിതരാക്കി. അവരുടെ കാൽക്കൽ വീണു ക്ഷമ യാചിച്ചു. "എനിക്ക് മാപ്പു തരൂ. നിങ്ങളുടെ നിരപരാധികളായ കുഞ്ഞുങ്ങളെയെല്ലാം കൊന്ന പാപിയാണ് ഞാൻ. എന്നാൽ ദു:ഖിക്കരുത്. അവരെല്ലാം അവരുടെ കർമ്മഫലങ്ങൾ അനുഭവിക്കുകയാണ് ചെയ്തത്. മാത്രമല്ല ജനനമരണങ്ങൾ തുടങ്ങിയ മാറ്റങ്ങൾ ശരീരത്തിനു മാത്രമാണുള്ളത്. ആത്മാവിനല്ല. ആർ ആത്മാവിനെ ശരീരമായും ശരീരത്തെ ആത്മാവായും കണക്കാക്കുന്നുവോ അവരാണ് തങ്ങൾ മറ്റുള്ളവരെ കൊന്നുവെന്നോ മറ്റുള്ളവർ കൊല്ലപ്പെട്ടുവെന്നോ കരുതി കേഴുകയുള്ളൂ. ദേവകിയും വസുദേവനും കംസൻെറ വിജ്ഞാനനിർഭരമായ വാക്കുകൾ കേട്ട് ശാന്തരായി. വസുദേവൻ പറഞ്ഞു: ഇതെൻേറത് അത് എൻേറതല്ല തുടങ്ങിയ വ്യത്യാസം ഉണ്ടാവുന്നത് അജ്ഞതയിൽ നിന്നാണ്. ഈ വ്യതിരിക്തതയിൽ നിന്നും ഉപരിയായിട്ടുള്ളവന് ദു:ഖിക്കേണ്ടി വരികയില്ല."

കംസൻ തൻെറ ഉപദേഷ്ടാക്കളെ വിളിച്ച് നടന്ന സംഭവങ്ങൾ വിവരിച്ചു. മഹാമായ എന്താണു പറഞ്ഞതെന്നും അവരോട് പറഞ്ഞു. രാക്ഷസർ കംസനെ സഹായിക്കാനുള്ള ഉത്സാഹത്താൽ എന്തും ചെയ്യാനൊരുക്കമായിരുന്നു. "പത്തു ദിവസത്തിൽ താഴെ പ്രായമുള്ള എല്ലാ കുഞ്ഞുങ്ങളെയും നമുക്ക് വധിക്കാം. നമ്മെ തടുക്കാനാരുണ്ട്? ദേവൻമാർ ഭീരുക്കളാണ്. അവർക്ക് അങ്ങയെ ഭയവുമാണ്. ത്രിമൂർത്തികൾ പോലും അങ്ങേയ്ക്കു മുൻപിൽ നിൽക്കുകയില്ല. വിഷ്ണു ഏകനായി ഭക്തൻമാരുടെ ഹൃദയത്തിലെ രഹസ്യ അറകളിലാണ് വസിക്കുന്നത്. പരമശിവൻ വനത്തിൽ. ബ്രഹ്മാവ് തപസ്സിലുമാണ്. നാം ആലോചിച്ചു സമയം കളയരുത്. കാരണം ശത്രുവിന് ബലം വർദ്ധിക്കുന്തോറും അവനെ നേരിടാൻ ബുദ്ധിമുട്ടേറും. തുടക്കത്തിലേ ചികിത്സിക്കാത്ത രോഗം പോലെയാണത്. അല്ലെങ്കിൽ ഒരു ചീത്ത സ്വഭാവം വേരുറക്കും മുൻപ് ഇന്ദ്രിയങ്ങളെ നിലയ്ക്കു നിർത്താത്തതു പോലെയാണത്. കാരണം അടിയുറച്ചു പോയ ദു:സ്വഭാവത്തെ നിയന്ത്രിക്കുക ദുഷ്ക്കരമത്രെ. വിഷ്ണുവാണ് ദേവൻമാരുടെ പ്രധാന ആശ്രയം. സനാതനധർമ്മം പുലരുന്നയിടത്താണ് വിഷ്ണു. സനാതനധർമ്മത്തിൻെറ ഇരിപ്പിടം ബ്രാഹ്മണരിലും മഹാത്മാക്കളിലുമായതിനാൽ അവരേയും നമുക്ക് വധിച്ചുകളയാം. മഹാത്മാക്കളെ ദ്രോഹിക്കാൻ അവർ തിരുമാനിക്കുകയും അങ്ങിനെ അവരുടെ പുണ്യം കുറഞ്ഞു വരികയും ചെയ്തു.